## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2247** **30-07-2021 - ൽ മറുപടിയ്ക്ക്**

## ജലഗുണനിലവാര പരിശോധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള വാട്ടർ അതോറിറ്റിയുടെ ജലഗുണനിലവാര പരിശോധന ലാബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിലുള്ള ലാബുകളിൽ എൻ.എ.ബി.എൽ.ന്റെ അംഗീകാരമുള്ളത് ഏതിനെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | എറണാകുളം നെട്ടൂരിൽ സ്ഥിതിചെയ്യുന്ന സംസ്ഥാന ലാബായ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, കൊല്ലം, തിരുവല്ല, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന 8 ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ ഉൾപ്പെടെ 9 ലാബുകൾക്കാണ് നിലവിൽ എൻ.എ.ബി.എൽ.-ന്റെ അംഗീകാരമുള്ളത്. |
| (സി) | 2021-2022 കാലയളവിൽ എൻ.എ.ബി.എൽ.ന്റെ അക്രഡിറ്റേഷന് വേണ്ടി അപേക്ഷ സമർപ്പിച്ച ലാബുകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | 2021-2022 കാലയളവിൽ നാളിതുവരെ എൻ.എ.ബി.എൽ.ന്റെ അക്രെഡിറ്റേഷന് വേണ്ടി അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല |
| (ഡി) | കൂടുതൽ ലാബുകൾക്ക് അക്രഡിറ്റേഷൻ എടുക്കുന്നതിനും മുഴുവൻ ലാബുകളെയും ആധുനികവൽക്കരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) | ജല ജീവൻ മിഷൻ 2021-22 പദ്ധതിയിൽപെടുത്തി 6 ജില്ലാ ലാബുകൾ, 32 സബ് ജില്ലാ ലാബുകൾ, ജല ശുദ്ധീകരണ ശാലകളിൽ പ്രവർത്തിക്കുന്ന തിരഞ്ഞെടുത്ത 37 ലാബുകൾ എന്നിവ ഉൾപ്പെടെ ആകെ 75 ലാബുകളെ ആധുനീകവൽക്കരിച്ചു. ഇവയ്ക്ക് എൻ.എ.ബി.എൽ.-ന്റെ അക്രെഡിറ്റേഷൻ ലഭ്യമാക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാറിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ